(a) A copy of Notification G. O. MS. 383/63/Rev. dated 20th November 1963 (S. R. O. No 764/63) containing amendments to the Rules for the disposal of confiscated articles.

(b) A copy of Notification G. O. MS. 42/64/Rev. dated 16th January 1964 (S. R. O. No 22/6) containing amendments to the Kerala Liquor Permit (Personal consumption) Rules, 1962.

LEGISLATIVE BUSINESS

The Kerala Panchayat Union Councils and Zilla Parishads Bill 1964 (Contd.)

Mr. Speaker : We are considering the Motion for reference to Select Committee of the Kerala Panchayat Union Councils and Zilla Perishads Bill, 1964. I call upon Shri K. K. Viswanathan to speak on the motion.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ ബിൽ പൊതുജനങ്ങളുടെ ഇടയിൽ സർക്കുലേറ്റ് ചെയ്യണമെന്ന ഒരു അഭിപ്രായ വ്യത്യാസം ഇവിടെ കേൾക്കുകയുണ്ടായി. അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇതു സെലക്ട് കമ്മിറ്റിക്കയച്ചാൽമതി. സെലക്ട് കമ്മിറ്റിക്കു തന്നെ ഭേദഗതി വരുത്താവുന്നതാണല്ലോ. സെലക്ട് കമ്മിറ്റിക്കു ആവശ്യമെന്നു തോന്നുന്നപക്ഷം ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിനു സൗകര്യം ഉണ്ടായിരിക്കും. അതു മാത്രവുമല്ല, പഞ്ചായത്തുരാജ് എന്നു പറയുന്ന പരിഷ്കാരത്തെ സംബന്ധിച്ചു കേരളം മാത്രമല്ല ആലോചിച്ചിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു അഖിലേന്ത്യാ അടിസ്ഥാനത്തിൽ പല കാൺഫറൻസുകളും ചർച്ചകളും നടന്നിട്ടുണ്ടു്. അവരുടെ നിഗമനങ്ങളും അവരുടെ തീരുമാനങ്ങളുമെല്ലാം നമ്മുടെ മുമ്പിൽ ഉണ്ടു്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾക്കു ഒരു പൊതു രൂപവും ആവശ്യമാണു്. ഒരോ സ്റ്റേറ്റിലും അവിടത്തെ പ്രത്യേക പരിതസ്ഥിതികൾക്കു അനുസൃതമായ ചില വ്യത്യാസങ്ങളും വരുത്താം. എന്നുള്ളതൊഴിച്ചു കേരളമേ പഞ്ചായത്തു രാജിന്റെ രൂപത്തിനു വ്യത്യാസം വരുത്താൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടാണു് ഈ ബിൽ സർക്കുലേറ്റ് ചെയ്യേണ്ട ആവശ്യമില്ല എന്നു ഞാൻ പറഞ്ഞതു്. സർ, നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റു സ്റ്റേറ്റുകൾക്കില്ലാത്തതായ ഒരു ഒരു പ്രത്യേകത ഉണ്ടു്. നമ്മുടെ പഞ്ചായത്തുകൾ മറ്റു സ്റ്റേറ്റുകളിൽ ഉള്ള വയേക്കാൾ വലിയ പഞ്ചായത്തുകളാണു്. മറ്റു സ്റ്റേറ്റുകളിൽ ശരാശരി ആയിരം പേർ ഉൾപ്പെടുന്ന പഞ്ചായത്തുകളാണു് ഉള്ളതെങ്കിൽ ഇവിടുള്ള പഞ്ചായത്തുകളിൽ ശരാശരി പതിനായിരംപേർ ഉണ്ടു്. അങ്ങനെനോക്കിയാൽ ഇവിടത്തെ പഞ്ചായത്തുകൾക്കു സ്വന്തം കാലിൽ നിൽക്കാവുന്ന തരത്തിലുള്ള ദാർഢ്യം ഉണ്ടായിട്ടുണ്ടു്. അതു വച്ചുകൊണ്ടുവേണം ഗവണ്മെന്റിനേയും പഞ്ചായത്തിനേയും ഇടയ്ക്കുള്ള ഘടകങ്ങളെപ്പറ്റി ചിന്തിക്കുവാൻ. ഏറ്റവും താഴെയുള്ള ഘടകമായ പഞ്ചായത്തിനു ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണു് ഈ ഘടകങ്ങൾ ചെയ്യേണ്ടതു്. കോളനിയെ സംബന്ധിച്ചിടത്തോളം പഞ്ചായത്താക്ട്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും തന്നെ ഭംഗിയായി നിറവേറ്റാൻ ഇവിടത്തെ പഞ്ചായത്തിനു കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവർക്കു ആവശ്യമായ സാമ്പത്തിക വരുമാനമാർഗ്ഗം കാണിച്ചു കൊടുത്താൽ മാത്രം മതി. മറ്റു പല സ്റ്റേറ്റുകൾക്കും ഇതു സാദ്ധ്യമല്ല. അതുകൊണ്ടു് അവിടങ്ങളിൽ പഞ്ചായത്തുകൾക്കു ഉപരിയായിട്ടുള്ള പഞ്ചായത്തു സമിതികൾക്കോ, യൂണിയനുകൾക്കോ, ജില്ലാപരിഷത്തുകൾക്കോ കൂടുതൽ അധികാരം കൊടുത്തിട്ടുള്ളതായി കാണാം. നമുക്കു അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പ്രത്യേകിച്ചും ജില്ലാപരിഷത്തുകൾക്കു് കാര്യമായ പ്രവർത്തനങ്ങളും എന്തെങ്കിലും ചെയ്യുവാൻ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ജില്ലാ അടിസ്ഥാനത്തിൽ നടക്കേണ്ടതായ മിക്കവാറും പ്രവർത്തനങ്ങളും ഡിപ്പാർട്ടുമെന്റു ചെയ്തു തീർക്കേണ്ടതായതാണു്. സ്റ്റേറ്റു അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly